(സി) മേൽ ഇക പര്യാപ്തമല്ലാത്തതിനാൽ ഇക വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

ആദിവാസികൾക്കുവേണ്ടി ഗ്രാമവികസന വകുപ്പ് നടപ്പാക്കിയതും നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ പദ്ധതികൾ

35 (4070) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികൾക്ക് വേണ്ടി ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കിയ/തീരുമാനിച്ച പദ്ധതികളുടെ പേര് വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഓരോ പദ്ധതികൾക്കും എത്ര രൂപാവീതം നീക്കിവച്ചുവെന്നും ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) അട്ടപ്പാടിയിൽ മാത്രം ഏതെല്ലാം പദ്ധതികൾ നടപ്പാക്കി ;

(ഡി) ഡോ. സീമാ ഭാസ്കറിന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഇതിനായി എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പത്രപ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ വിതരണം

36 (T4071) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്രപ്രവർത്തകരുടെ ആശ്രിതർക്കുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി സബ്ട്രഷറിക്കുകീഴിൽ പ്രസ്തുത പെൻഷൻ ലഭിക്കേണ്ടവരായ ശ്രീമതി സാവിത്രി അന്തർജ്ജനം, ശ്രീമതി അമ്മിണിയമ്മ തുടങ്ങിയവർക്കുള്ള പെൻഷൻ കുടിശ്ശിക സഹിതം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രീമതി സാവിത്രി അന്തർജ്ജനത്തിന് 11/2014 മുതൽ പെൻഷൻ വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ട്. ശ്രീമതി അമ്മിണിയമ്മയ്ക്ക് പെൻഷനും കുടിശ്ശികയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ (RIDF) കോഴിക്കോട് ജില്ലയിൽ റോഡുകൾ

37 (4072) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ടിൽ (RIDF)-നിന്നും റോഡുകൾക്ക് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്ത് എന്നത് വിശദമായി വ്യക്തമാക്കാമോ ;

(ബി) RIDF-ൽ റോഡുകൾ നവീകരിക്കുന്നതിന് പ്രൊപ്പോസൽ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും പ്രൊപ്പോസലുകൾ ഗ്രാമവികസന വകുപ്പ് മുഖേനയാണോ അഥവാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണോ നൽകേണ്ടതെന്നത് വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ നാളിതുവരെയുള്ള ഭരണകാലത്തു RIDF-പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ഒരു റോഡിന് പോലും തുക അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കോഴിക്കോട് ജില്ലയെ ഇത്തരത്തിൽ പരിഗണിക്കാതിരിക്കാൻ കാരണമെന്ത് എന്നത് വിശദമാക്കാമോ ;

(ഡി) പുതുതായി RIDF-ൽ പരിഗണിക്കുന്ന റോഡുകളിലും കോഴിക്കോട് ജില്ല പരിഗണിക്കപ്പെടാതെ പോയത് എന്തുകൊണ്ടെന്നത് വിശദമാക്കാമോ ;

(ഇ) RIDF-ൽ ഉൾപ്പെടുത്തുന്നതിന് നിയമസഭാ സാമാജികർ നൽകുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. (State Level Empowered

LIBRARY ARCHIVES Kerala Legislative Assembly